LIBRARY ARCHIVES Kerala Legislative Assembly

ചേരി നിവാസികൾക്ക് പട്ടയം നൽകാൻ നടപടി

13 [565] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവസിക്കപ്പെട്ട ചേരി നിവാസികൾ, പുറംപോക്ക് നിവാസികൾ എന്നിവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിലുള്ള കാലതാമസംമൂലം ഈ ജനവിഭാഗങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവർക്ക് അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കൈവശരേഖ നൽകാനും കാലതാമസം ഒഴിവാക്കി പട്ടയം നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ 'മാറോളിഘട്ട്'

14 [566] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലുള്ള 'മാറോളിഘട്ട്' മുമ്പ് കൈവശം വച്ച് പരിപാലിച്ച് പോന്നിരുന്ന കൂത്തുപറമ്പ് മുനിസിപ്പാലിറ്റിക്ക് നിയമപരമായി കൈമാറണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) മാറോളിഘട്ട് ഇപ്പോൾ നിക്ഷിപ്തമായിട്ടുള്ളത് ഏത് വകുപ്പിലാണ് എന്നറിയിക്കുമോ;

(സി) മാറോളിഘട്ട് മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് നിയമതടസ്സം വല്ലതും ഉണ്ടോ;

(ഡി) നിയമവകുപ്പിൽ നിന്നും ഇത് സംബന്ധമായി ഉപദേശം തേടിയിട്ടുണ്ടോ എന്നും വകുപ്പ് എന്തെല്ലാം നിർദ്ദേശങ്ങളും ഉപദേശങ്ങളും ഇത് സംബന്ധമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) പൊതുജനതാല്പര്യം പരിഗണിച്ച് മാറോളിഘട്ട് മുനിസിപ്പാലിറ്റിക്ക് നിയമപരരായി കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാറോളിഘട്ട് റവന്യൂ വകുപ്പിന്റേതാണ്.

(സി, ഡി) പ്രസ്തുത ഭൂമി സർക്കാർ ആവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതാണെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതി ഉത്തരവ് പാലിക്കേണ്ടതായിട്ടുണ്ട്.

മുട്ടത്തറയിൽ അമ്യൂസ്മെന്റ് പാർക്ക് പണിയുന്നതിന് പദ്ധതി

15 [567] ശ്രീ. സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ അമ്യൂസ്മെന്റ് പാർക്ക് പണിയുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഈ ആവശ്യത്തിനുവേണ്ടി അവിടെ 30 ഏക്കർ സ്ഥലം മരവിപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താവശ്യത്തിനാണ് അത്രയും സ്ഥലം മരവിപ്പിച്ചിട്ടുള്ളത്;

(ഡി) ഒരു പദ്ധതിക്കും ഉപയോഗിക്കാതെ സ്ഥലം വെറുതെ ഇട്ടിരിക്കുന്നതിനെതിരെ നാട്ടുകാരും സ്ഥലവാസികളും നിവേദനം നൽകിയിട്ടുണ്ടോ;

(ഇ) ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി, സി) സ്ഥലം മരവിപ്പിച്ചിട്ടില്ല. എന്നാൽ മുട്ടത്തറ വില്ലേജിൽ ട്രിഡക്കുവേണ്ടി സ്പോർട്സ് കോംപ്ലക്സ് പണിയാൻവേണ്ടി സ്ഥലമെടുപ്പു നടപടി തുടങ്ങിയിരുന്നു. എന്നാൽ ട്രിഡ പ്രോജക്ട് പിന്നീട് ഉപേക്ഷിക്കുകയും ടി സ്ഥലമെടുപ്പു നടപടി റദ്ദാക്കുകയും ചെയ്തു.

(ഡി, ഇ) മുട്ടത്തറ ആക്ഷൻ കൗൺസിൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ച പരാതിയിൽ തിരുവനന്തപുരം കോർപ്പറേഷൻ പ്രസ്തുത സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കോർപ്പറേഷൻ സെക്രട്ടറിയോട് കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly